# ഉമാകേരളം -20

ഉള്ളൂർ എസ് പരമേശ്വരയ്യർ

# ഉമാകേരളം – 7

**മഹാകാവ്യം**

## ഉള്ളൂർ എസ് പരമേശ്വരയ്യർ

**താളിളക്കം**

**2020**

| | |
|---|---|
| പേര്: | **ഉമാകേരളം – 20** |
| ഭാഷ | Malayalam |
| വിഭാഗം: | മഹാകാവ്യം |
| രചന: | ഉള്ളൂർ എസ് പരമേശ്വരയ്യർ |
| പ്രസാധകർ: | **താളിളക്കം** |
| | ഡിസംബർ 2020 |
| Layout Design: | പ്രവീൺ വർമ്മ |
| Copyleft: | |

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

## എപ്പോൾ?

ഭ്രാതാക്കളേ! ഭൗതികമാകുമോരോ
പാഴ്‌വേലകൊണ്ടിങ്ങനെ നാൾ തുലഞ്ഞാൽ
അന്ധാന്ധുഗർഭത്തിനകത്തുനിന്നു-
മാത്മോദ്ധൃതിക്കുള്ള മുഹൂർത്തമെപ്പോൾ?

വെടിഞ്ഞിടും നാൾവരെ നമ്മൾ കോടി
ബഹിർന്നിശാന്തത്തിനു കൂട്ടിനിന്നാൽ
അന്തർഗൃഹത്തിങ്കലടിഞ്ഞുകേറു-
മത്യന്തശൂന്യത്വമൊഴിപ്പതെപ്പോൾ?

കരസ്ഥ പൈതങ്ങൾകണക്കു നമ്മൾ
കാശാകുമിക്കക്ക പെറുക്കി നിന്നാൽ
സാംസാരികാബ്ധിക്കടിയിൽക്കിടക്കും
നന്മുക്തി വെണ്മുത്തു ലഭിപ്പതെപ്പോൾ?

പേർത്തും തടസ്ഥപ്പെരുനീരൊഴുക്കിൽ
പേടിച്ചു കൈകാൽ മരവിച്ചുനിന്നാൽ
പ്രാപ്യസ്ഥലം വാച്ച ജനസ്സരിത്തിൽ-
പാരത്തിൽ നാം ചെന്നണയുന്നതെപ്പോൾ?

ഞാനെന്നൊരേവാക്കുരുവിട്ടു നമ്മൾ
രാത്രിന്ദിവം പിച്ചുപിടിച്ചിരുന്നാൽ
ശാന്തിക്കു നൈവേദ്യമണയ്പതിന്നു
സൗഭ്രാത്രസസ്യം വിളയിപ്പതെപ്പോൾ?

കണ്ണങ്ങൾ പറ്റിഗ്ഗതികെട്ടു കാമ-
ക്കള്ളക്കുഴിക്കാട്ടിലലഞ്ഞുലഞ്ഞാൽ
ആദ്ധ്യാത്മികാരാമനിഷേവയാൽ നാ-
മംഘ്രിക്കു സാഫല്യമണയ്പതെപ്പോൾ?

പ്രത്യക്ഷദൃശ്യം പരലോകമെന്നു
പാശ്ചാത്യർപോലും പറയുന്ന വാക്യം

ശ്രുവിച്ചു ചാർവാകത വിട്ടു നമ്മൾ
ജന്മോർവിതന്നശ്രു തുടയ്പതെപ്പോൾ?

തെറിച്ചു ദൂരത്തു പറക്കുവോരി-
ജ്ജീവസ്ഫുലിംഗത്തിനു നമ്മൾ വീണ്ടും
പ്രത്യക്പ്രയാണംവഴിയായ് പരാത്മ-
ജ്യോതിഷ്കസായൂജ്യമണയ്പതെപ്പോൾ?

പ്രസാധകർ

താളിളക്കം